പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 107

02.03.2020 ൽ മറുപടിക്ക്

# കേരള പോലീസ് ആസ്ഥാനത്തെ റോബോട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കേരള പോലീസ് ആസ്ഥാനത്ത് സന്ദർശകരെ സ്വീകരിക്കുന്നതിനായി തയ്യാറാക്കിയ കെ.ബോട്ട് റോബോട്ടിനെ ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയതെന്നും അതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും അറിയിക്കാമോ; | എ) കേരള സ്റ്റേറ്റ് സ്റ്റാർട്ട് അപ്പ് മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊച്ചി ആസ്ഥാനമാക്കിയുള്ള അസിമോവ് റോബോട്ടിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നുമാണ് റോബോട്ടിനെ വാങ്ങിയത്. ആദ്യഗഡുവായി 8.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| ബി) റോബോട്ടിന്റെ പ്രവർത്തനം ഘട്ടം ഘട്ടമായി നിരീക്ഷിച്ചിട്ടാണോ ശേഷിക്കുന്ന തുക കമ്പനിക്ക് നൽകുക എന്ന് അറിയിക്കാമോ ; | ബി) പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സമിതിയുടെ നിർദ്ദേശപ്രകാരമാണ് ഘട്ടം ഘട്ടമായി തുക കമ്പനിക്ക് നൽകുന്നത്. |
| സി) പ്രസ്തുതറോബോട്ടിന്റെ പ്രവർത്തനം തൃപ്തികരമാണോ; | സി) തൃപ്തികരമാണ്. |
| ഡി) പ്രസ്തുത റോബോട്ട് കേരള പോലീസ് ആസ്ഥാനത്ത് നിന്നും വേറെ എവിടെക്കെങ്കിലും മാറ്റിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ; | ഡി) പോലീസ് ഓഫീസുകളിൽ സന്ദർശകരെ സ്വീകരിക്കുന്നതിനും പ്രാഥമിക സേവനങ്ങൾ നൽകുന്നതിനും ഉപയുക്തമാകും വിധമാണ് പ്രസ്തുത റോബോട്ടിന്റെ പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യഘട്ടമായി പോലീസ് ആസ്ഥാനത്ത് റോബോട്ടിന്റെ സേവനം ലഭ്യമാക്കിയിരുന്നു. നിലവിൽ പോലീസ് സൈബർ ഡോമിലാണ് സജ്ജീകരിച്ചിട്ടുള്ളത്. |
| ഇ) പോലീസിനെ ആധുനികവൽക്കരിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ചാണോ പ്രസ്തുത റോബോട്ട് വാങ്ങിയതെന്ന് വ്യക്തമാക്കാമോ? | ഇ) റോബോട്ടിനെ വാങ്ങുന്നതിന് പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ